## പഠനഷീറ്റ് 4

# നിങ്ങൾ രക്ഷിക്കപ്പെട്ടോ?

ബൈബിൾ തീരുമാനിക്കുവാൻ നിങ്ങൾ അനുവദിക്കുമോ?

### I. നിങ്ങൾ ഈ കാര്യങ്ങൾ ചെയ്തിട്ടുണ്ടോ?

1. ____________________ യോഹന്നാൻ 6:45
2. ____________________ യോഹന്നാൻ 8:24
3. ____________________ പ്രവൃത്തികൾ 17:30
4. ____________________ റോ. 10:10
5. ____________________ മത്താ. 28:18, 19; പ്രവൃത്തികൾ 8:35–39

സ്നാന വിഷയത്തിൽ:______________ പ്രവൃത്തികൾ 2:36–38
______________ പ്രവൃത്തികൾ 22:16
മർക്കൊ. 16:16
______________ 1 പത്രൊ. 3:21
______________ പ്രവൃത്തികൾ 2:47

### II. നിങ്ങൾ ക്രിസ്തുവിൽ ആണോ?

**ക്രിസ്തുവിനു പുറത്ത്**
എഫെ. 2:12, 13

2 കൊരി. 5:17....
കൊലൊ. 1:14....
2 തിമൊ. 2:10 ....
1 യോഹ. 5:11 ....
എഫെ. 1:3 ....




ഗലാ. 3:27; റോ. 6:3, 4

### III. നിങ്ങൾ ശരീരത്തിലാണോ?

1. ക്രിസ്തുവിനു എത്ര ശരീരങ്ങൾ ഉണ്ട്? ____________ റോ. 12:5
2. എന്താണ് ഏക ശരീരം? ____________________ കൊരി. 1:18, 24
3. നാം എങ്ങനെ ഏകശരീരത്തിൽ പ്രവേശിക്കും? ____________
   1 കൊരി. 12:13
4. പിന്നെ നാം ആരാകും? ____________________ 1 കൊരി. 12:27
   അല്ലെങ്കിൽ മറ്റൊരർത്ഥത്തിൽ, ക്രിസ്തുവിന്റെ __________.

## ഏക സ്നാനം (എഫെ. 4:5)

1. ആർ? കേൾക്കുക, വിശ്വസിക്കുക, മാനസാന്തരപ്പെടുക, ഏറ്റുപറയുക.
2. എന്തിന്? പാപങ്ങളുടെ മോചനത്തിനു (പ്രവൃത്തികൾ. 2:38).
3. എന്തിൽ? വെള്ളത്തിൽ (മത്താ. 3:16; പ്രവൃത്തികൾ 8:38, 39).
4. എങ്ങനെ? അടക്കപ്പെട്ട്, ഉയിർത്തെഴുന്നേല്ക്കണം
   (റോമ. 6:4; കൊലൊ. 2:12).




പകർപ്പവകാശം 1992 – ഗോസ്പെൽ ലൈറ്റ് പബ്ളിഷിങ് കമ്പനി.,ഡിലൈറ്റ്, ഏആർ 71940.

പഠനഷീറ്റ് അവതരണം:

4

# “നിങ്ങൾ രക്ഷിക്കപ്പെട്ടോ?”

“നിങ്ങൾ രക്ഷിക്കപ്പെട്ടോ?” എന്ന പഠനഷീറ്റിനെ “രക്ഷാ” ഷീറ്റ് എന്നു വിളിക്കാം. *അദ്ധ്യാപകനുള്ള വഴികാട്ടി* എന്ന ഈ പാഠ്യപദ്ധതിയിൽ അവതരിപ്പിച്ച പാഠങ്ങളിൽ മൂന്നെണ്ണത്തിൽ ഏതെങ്കിലും പഠിപ്പിച്ച ശേഷം ഇതു ഉപയോഗിക്കാം; എങ്ങനെയായാലും, “യേശുവാണോ മനുഷ്യനു വേണ്ട പുതുവഴി?” എന്ന പാഠത്തിനുശേഷമായിരിക്കും അനുയോജ്യം.

**ഉദ്ദേശം**

“രക്ഷാ” ഷീറ്റിന്റെ ഉദ്ദേശം എന്തെന്നാൽ യേശു തന്റെ രക്തത്താൽ നമ്മുടെ പാപങ്ങളെ പോക്കി ശുദ്ധീകരിച്ചു അവന്റെ ശരീരത്തിലേക്കു നമ്മെ സ്വീകരിക്കയും, രക്ഷിച്ചു, അവന്റെ സഭയോടു ചേർക്കുകയും ചെയ്യുന്നതിനു മുൻപു അവൻ എന്താണ് ആവശ്യപ്പെടുന്നതു എന്നു ബോധ്യപ്പെടുത്തുന്നതാണ്.

**പാഠം ചുരുക്കത്തിൽ**

താഴെ കൊടുത്തിരിക്കുന്നതുപോലെയാണ് പാഠത്തിന്റെ ചുരുക്കം: രക്ഷിക്കപ്പെടുവാൻ ആഗ്രഹിക്കുന്നവർ, അതായതു., അവരുടെ പാപങ്ങൾ ക്ഷമിക്കപ്പെടുവാൻ, ദൈവ വചനം പഠിപ്പിച്ചിരിക്കണം. അവർ യേശുവിൽ വിശ്വസിക്കുകയാണെങ്കിൽ, യേശുവിനു വേണ്ടി ജീവിക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ, അവനിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു, പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്ക്കുമ്പോൾ, അവർ സകല ആത്മികാനുഗ്രഹങ്ങളും ഉള്ള സ്ഥലത്തേക്കു പ്രവേശിക്കപ്പെടും. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേല്ക്കുന്നവർ അവന്റെ ഏക ശരീരമായ, ക്രിസ്തുവിന്റെ സഭയോടു ചേർക്കപ്പെടും.

**മുഖവുര**

[ആദ്യത്തെ മൂന്നു പാഠങ്ങളുടെ ചുരുക്കം മുഖവുരയായി ഇതിൽ ഉൾപ്പെടുത്തിയേക്കാം. അങ്ങനെ ചെയ്യുന്നതിലൂടെ അദ്ധ്യാപകൻ, പാപവും മരണവും ലോകത്തിലേക്കു വന്നതു ആദാമും ഹവ്വയും മുഖാ

ന്തരമാണെന്നു പഠിപ്പിക്കണം. സൃഷ്ടി നടത്തുന്നതിനു മുൻപുതന്നെ, സൃഷ്ടിതാവിനു സൃഷ്ടിയിൽ പാപം വരുമെന്നറിഞ്ഞ് അവരെ യേശുവിന്റെ ക്രൂശിലെ മരണത്താൽ രക്ഷിക്കുവാൻ പദ്ധതി ഒരുക്കി. മനുഷ്യനു സ്വയമായി രക്ഷിക്കപ്പെടുവാൻ സാധ്യമല്ല എന്നും യേശുവിന്റെ രക്തം നല്കേണ്ടതാണ് എന്നും ന്യായപ്രമാണം കൊടുത്തുകൊണ്ടു ദൈവം തെളിയിച്ചു. പാപമോചനം യേശുവിന്റെ നാമത്തിൽ, യെരുശലേമിൽ പ്രസംഗിച്ചു തുടങ്ങിയിട്ടു വേണമായിരുന്നു, ലോകത്തിന്റെ മറ്റു ഭാഗങ്ങളിൽ പ്രസംഗിക്കുവാൻ. ഈ പ്രസംഗം കേട്ട എല്ലാവരും രക്ഷിക്കപ്പെട്ടതു ഒരേ രീതിയിൽ പ്രതികരിച്ചുകൊണ്ടാണ്.]

യേശുവിനെ കുറിച്ചു എബ്രാ. 1:1–4 താഴെ കൊടുത്തിരിക്കുന്ന വിധത്തിൽ പഠിപ്പിക്കുന്നുണ്ട്: (1) ദൈവം ഈ കാലത്തു തന്റെ പുത്രൻ മുഖാന്തരം സംസാരിക്കുന്നു. (2) സകലത്തിനും അവകാശിയാക്കി അവനെ നിയമിച്ചിരിക്കുന്നു. (3) അവൻ മുഖാന്തരമാണ് പ്രപഞ്ചം സൃഷ്ടിച്ചത്. (4) അവൻ സ്വഭാവത്തിലും തേജസ്സിലും പിതാവിനു തുല്യനാണ്. (5) അവൻ തന്റെ വചനത്താൽ സകലത്തെയും വഹിക്കുന്നു. (6) അവൻ നമ്മുടെ പാപങ്ങൾക്കു ശുദ്ധീകരണം വരുത്തിയിരിക്കുന്നു. (7) അവൻ തന്റെ പ്രവൃത്തി തികച്ചശേഷം, പിതാവിന്റെ വലതുഭാഗത്ത് ഇരിക്കുന്നു.

ലോകത്തിന്റെ പാപങ്ങൾ എല്ലാം ക്ഷമിക്കേണ്ടതിനു, അവൻ സർവ്വലോകത്തേക്കാളും വിലയുള്ളവൻ ആകേണ്ടിയിരുന്നു. ഒരാൾ മറ്റൊരാളുടെ ആയിരം രൂപയുടെ 1 നോട്ട് കത്തിച്ചു കളഞ്ഞാൽ, അവൻ ചെയ്തതിനു 1 രൂപ നോട്ടു കൊടുത്താൽ മതിയാകയില്ല, എന്നാൽ അയാൾ അതിനു പകരം 1,000 രൂപയുടെ നോട്ടു തന്നെ കൊടുക്കണം. യേശു വെറും ഒരു മനുഷ്യൻ ആയിരുന്നു എങ്കിൽ, സർവ്വലോകത്തിന്റേയും പാപത്തിനുവേണ്ടി മരിക്കുവാൻ അവനു കഴിയുമായിരുന്നില്ല, എന്നാൽ അവൻ അതുപോലെ തന്നെ ദൈവവുമായിരുന്നു (യോഹന്നാൻ 1:1), അക്കാരണത്താൽ അവൻ സർവ്വലോകത്തേക്കാളും വിലയുള്ളവനാകുന്നു, എപ്പോൾ ജീവിച്ച മനുഷ്യരായാലും എല്ലാവരുടേയും പാപങ്ങൾക്കു അവൻ മറുവില കൊടുത്തു (1 യോഹന്നാൻ 2:2).

അക്കാരണത്താൽ, ചോദ്യം, യേശുവിനു തന്റെ രക്തത്താൽ പാപങ്ങളെ മോചിക്കുവാൻ കഴിയുമോ എന്നതല്ല, പിന്നെയോ അവന്റെ രക്തത്താൽ ശുദ്ധീകരിക്കപ്പെടേണ്ടതിനു നാം എന്താണ് ചെയ്യേണ്ടതു എന്നാണ്?

## I. നിങ്ങൾ രക്ഷിക്കപ്പെട്ടോ?

ദൈവം നമ്മെ രക്ഷിക്കുന്നതിനു മുൻപു അവൻ ആവശ്യപ്പെടുന്നതെല്ലാം നാം ചെയ്തിട്ടുണ്ടോ എന്നതാണ് മുഖ്യമായ ചോദ്യം. നിങ്ങൾ രക്ഷിക്കപ്പെട്ടു എന്നു നിങ്ങൾ കരുതുന്നുണ്ടോ? അങ്ങനെ എങ്കിൽ, രക്ഷിക്കപ്പെടുവാൻ നിങ്ങൾ എന്താണ് ചെയ്തതു? നിങ്ങൾ ചെയ്തതു നമുക്കു എഴുതാമോ? ഇതുമാത്രമാണോ ചെയ്തത്? നിങ്ങൾ സ്നാനം ഏറ്റോ? എന്തിനാണ് നിങ്ങൾ സ്നാനം ഏറ്റത്? രക്ഷയുമായുള്ള ബന്ധത്തിൽ നിങ്ങൾ എപ്പോൾ ആണ് സ്നാനം ഏറ്റത്? നിങ്ങൾ രക്ഷിക്കപ്പെടുവാനാണോ അതോ രക്ഷിക്കപ്പെട്ടതിന്റെ അടയാളമായിട്ടാണോ സ്നാനം

ഏറ്റത്? നിങ്ങൾ സ്നാനം ഏറ്റതു ഏതെങ്കിലും സഭയോടു ചേരുവാനാണോ അതോ രക്ഷിക്കപ്പെടുവാനാണോ? നിങ്ങൾ “രക്ഷിക്കപ്പെട്ടു,” എന്ന വാക്ക് എഴുതുകയാണെങ്കിൽ “സ്നാനം” എന്ന വാക്കിനുമുൻപു എഴുതുമോ അതോ അതിനുശേഷം എഴുതുമോ?

നിങ്ങൾ രക്ഷിക്കപ്പെട്ടോ ഇല്ലയോ എന്നു പറയുവാൻ നിങ്ങൾ ബൈബിളിനെ അനുവദിക്കുമോ? നിങ്ങളുടെ രക്ഷ ബൈബിൾ ഉപദേശവുമായി പരിശോധിക്കുവാൻ നിങ്ങൾ തയ്യാറാണോ?

1. നാം ചില കാര്യങ്ങൾ ചെയ്യേണ്ടതാണെന്നു ബൈബിൾ പഠിപ്പിക്കുന്നു. നിങ്ങൾ അതു ചെയ്തിട്ടുണ്ടോ? നാം എന്തു ചെയ്യണമെന്നാണ് യോഹന്നാൻ 6:45 പഠിപ്പിക്കുന്നത്? [യോഹന്നാൻ 6:45 വായിക്കുക.] *എന്തു* ചെയ്തവർക്കാണ് യേശുവിന്റെ അടുക്കൽ വരുവാൻ കഴിയുന്നത്? [വിട്ട വരിയിൽ “കേട്ടു പഠിച്ചവർ” എന്നെഴുതുക.] യേശുവിന്റെ അടുക്കൽ വരുന്നവനെ ദൈവവചനം പഠിപ്പിക്കണം എന്നാണ് ഈ വേദഭാഗം പഠിപ്പിക്കുന്നത്. നാം ബൈബിൾ വായിക്കുമ്പോൾ ആരാണ് നമ്മെ ഉപദേശിക്കുന്നത്? നാം ബൈബിൾ ആണ് വായിക്കുന്നതെങ്കിൽ, നമ്മെ പഠിപ്പിക്കുന്നതു *മനുഷ്യനോ ദൈവമോ*? നമ്മെ യേശുവിന്റെ അടുക്കൽ എത്തിക്കുന്നതു മനുഷ്യന്റെ ഉപദേശമോ അതോ ദൈവത്തിന്റെ ഉപദേശമോ? നമ്മെ യേശുവിന്റെ അടുക്കൽ എത്തിക്കുന്നതു ദൈവത്തിന്റെ ഉപദേശം *മാത്രമല്ലേ*?

2. നാം എന്തു ചെയ്യണം എന്നാണ് ദൈവത്തിന്റെ വചനം പഠിപ്പിക്കുന്നത്? [യോഹന്നാൻ 8:24 വായിക്കുക.] നാം നമ്മുടെ പാപത്തിൽ മരിക്കാതിരിക്കേണ്ടതിനു *എന്തു* ചെയ്യണം? [വിട്ട വരിയിൽ “യേശുവിൽ വിശ്വസിക്കുക” എന്നെഴുതുക.] നാം യേശുവിൽ വിശ്വസിച്ചില്ല എങ്കിൽ എന്തു സംഭവിക്കും (യോഹന്നാൻ 8:21)?

3. പിന്നെ നാം എന്തു ചെയ്യണമെന്നാണ് വചനം പഠിപ്പിക്കുന്നത്? [പ്രവൃത്തികൾ 17:30 വായിക്കുക.] *എന്തു* ചെയ്യുവാനാണ് എല്ലാവരോടും ദൈവം കല്പിച്ചിരിക്കുന്നത്? [വിട്ട വരിയിൽ “മാനസാന്തരപ്പെടുക”എന്നെഴുതുക.] എന്തിൽനിന്നാണ് മാനസാന്തരപ്പെടേണ്ടത്? “മാനസാന്തരപ്പെടുക” എന്നാൽ എന്താണ് അർത്ഥം? (ഒരാളുടെ പാപത്തെക്കുറിച്ചു അനുതപിക്കുന്നതാണ് “മാനസാന്തരം” എന്നാണ് മിക്കപേരും വിശ്വസിക്കുന്നത്. 2 കൊരി. 7:10 അനുസരിച്ചു, ദുഃഖം ഒരാളെ മാനസാന്തരത്തിലേക്കു വഴി നടത്തും, എന്നാൽ ദുഃഖം മാത്രം മാനസാന്തരമല്ല. ദൈവത്തിനു പ്രസാദകരമല്ലാത്ത പ്രവൃത്തികൾ *ചെയ്യുന്നതിൽ*നിന്നും തിരിഞ്ഞു ദൈവത്തിനു പ്രസാദകരമായ പ്രവൃത്തികൾ *ചെയ്യുന്ന*താണ് മാനസാന്തരം.)

4. യേശുവിൽ വിശ്വസിക്കുന്നവർ മാനസാന്തരപ്പെടുക മാത്രമല്ല, അവർ പിന്നെ എന്തു ചെയ്യണം? [റോമ. 10:10 വായിക്കുക.] രക്ഷിക്കപ്പെടുവാൻ വായ് കൊണ്ടു *എന്തു* ചെയ്യണം? [വിട്ട വരിയിൽ “ഏറ്റു പറയുക” എന്നെഴുതുക.] എന്താണ് ഒരാൾ ഏറ്റു പറയേണ്ടത് (റോമ. 10:9)? അയാൾ പാപ*മല്ല* ഏറ്റുപറയേണ്ടത്, പകരം യേശുക്രിസ്തു ദൈവപുത്രൻ ആണെന്നു ഏറ്റു പറയണം (മത്താ. 16:16).

5. യേശുവിൽ വിശ്വസിക്കുന്നവർ പിന്നീട് എന്തു ചെയ്യണം? [മത്താ. 28:18, 19; പ്രവൃത്തികൾ 8:35-39 വായിക്കുക.] ദൈവവചനം കേട്ടു വിശ്വ

സിച്ചവർ *എന്താണ്* ചെയ്യേണ്ടിയിരുന്നത്? [വിട്ട വരിയിൽ "സ്നാനമേല്ക്കണം" എന്ന് എഴുതുക.]

സ്നാനപ്പെടുമ്പോൾ എന്താണ് വാഗ്ദാനം ചെയ്തിരിക്കുന്നത്? പുതിയ വഴി ആദ്യം പ്രസംഗിച്ച ആളുകളോടു യേശുവിന്റെ നാമത്തിൽ എന്തിനു വേണ്ടി സ്നാനമേല്ക്കുവാനാണ് പറഞ്ഞത്? [പ്രവൃത്തികൾ 2:38 വായിക്കുക.] *എന്തിനുവേണ്ടിയാണ്* അവർ സ്നാനം ഏല്ക്കേണ്ടിയിരുന്നത്? [വിട്ടവരിയിൽ "പാപങ്ങളുടെ മോചനത്തിനായി" എന്നെഴുതുക.]

ശൗൽ യേശുവിൽ വിശ്വസിക്കയും പാപങ്ങളിൽ നിന്നു മാനസാന്തരപ്പെടുകയും ചെയ്തു. എന്നാൽ അവന്റെ പാപങ്ങൾ ക്ഷമിക്കപ്പെടേണ്ടതിനു അവൻ എന്തു ചെയ്യേണ്ടിയിരുന്നു? [പ്രവൃത്തികൾ 22:16 വായിക്കുക.) *എന്തിനുവേണ്ടിയാണ്* അവനോടു സ്നാനപ്പെടുവാൻ ആവശ്യപ്പെട്ടത്? [വിട്ട വരിയിൽ "പാപങ്ങൾ കഴുകി കളയുവാൻ" എന്ന് എഴുതുക.]

വിശ്വസിക്കുകയും സ്നാനമേല്ക്കുകയും ചെയ്യുന്നതിനെ കുറിച്ചു യേശു എന്താണ് പറഞ്ഞത്? [മർക്കൊ. 16:15, 16 വായിക്കുക.] വിശ്വസിക്കുകയും സ്നാനം ഏല്ക്കുകയും ചെയ്യുന്നവർ *എന്താകും* എന്നാണ് യേശു പറഞ്ഞത്? [വിട്ട വരിയിൽ "രക്ഷിക്കപ്പെടും" എന്നെഴുതുക.] യേശു പഠിപ്പിച്ചതിനോടു പത്രൊസ് എഴുതിയത് യോജിക്കുകയല്ലേ? [1 പത്രൊ. 3:21 വായിക്കുക.] സ്നാനം നമ്മെ *എന്തു* ചെയ്യുന്നു എന്നാണ് പത്രൊസ് പറഞ്ഞത്? അതു യേശു പറഞ്ഞതിനോടു യോജിക്കുന്നുവോ?

ഈ ഭാഗത്തു നാം എന്തു പഠിക്കുന്നു? ദൈവ വചനം ഉപദേശിക്കുന്നതു കേട്ടു യേശുവിന്റെ അടുക്കൽ വരുന്നവർ, യേശുവിനു വേണ്ടി ജീവിക്കുവാൻ തീരുമാനം എടുക്കുകയും, അവർക്കു അവനിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു, പാപമോചനത്തിനായി സ്നാനം ഏല്ക്കുമ്പോൾ, അവർ തങ്ങളുടെ പാപങ്ങളിൽ നിന്നു രക്ഷിക്കപ്പെടും എന്നാണ് നാം പഠിച്ചത്. ["രക്ഷിക്കപ്പെടുക" എന്നാൽ ഒരാളുടെ പാപങ്ങളിൽ നിന്നുള്ള രക്ഷ എന്നാണർത്ഥം (മത്താ. 1:21).]

രക്ഷിക്കപ്പെടുന്നവർ ഒറ്റപ്പെടുന്നില്ല. അവർ ആരോടാണ് ചേർക്കപ്പെടുന്നത്? [പ്രവൃത്തികൾ 2:47 വായിക്കുക.] രക്ഷിക്കപ്പെടുന്നവർ ചേർക്കപ്പെടുന്നത് *ആരോട്*? [വിട്ട വരിയിൽ "സഭയോടു ചേർക്കപ്പെട്ടു" അല്ലെങ്കിൽ "അവരോടു ചേർക്കപ്പെട്ടു" എന്നെഴുതുക.] ഒരാൾ സ്നാനമേല്ക്കുമ്പോൾ, അയാൾ രക്ഷിക്കപ്പെടുകയും, ദൈവം അവരെ വിശ്വാസികളുടെ സമൂഹത്തോടു, അതായത്., അവന്റെ സഭയോട് ചേർക്കും എന്നു വിവരിച്ചു കൊടുക്കുക.

## II. ക്രിസ്തുവിൽ

രക്ഷ അത്ര സുപ്രധാനമായ കാര്യമായതുകൊണ്ട്, എല്ലാവരും, ചോദ്യമില്ലാതെ, ബൈബിൾ ഉപദേശം അവൻ തീർച്ചയായും മനസ്സിലാക്കിയിരിക്കണം. ഒരാളുടെ നികുതി കണക്കു കൂട്ടുമ്പോൾ, ആ അക്കങ്ങൾ എല്ലാം ശരിയാണോ എന്നു രണ്ടുമൂന്നു പ്രാവശ്യം കൂട്ടിനോക്കും, താൻ അതിൽ തെറ്റുകൾ വരുത്തിയിട്ടില്ല എന്നു ഉറപ്പു വരുത്തുവാൻ

രണ്ടുമൂന്നു രീതികളിൽ ഒത്തുനോക്കും. അതിനേക്കാൾ അതീവ ശ്രദ്ധയോടെ പരിശോധിക്കേണ്ടതാണ് രക്ഷയെ സംബന്ധിച്ചു ബൈബിൾ പഠിപ്പിക്കുന്നതിൽ നാം തീരുമാനം എടുക്കുമ്പോൾ.

യേശുവിന്റെ രക്തത്തിന്റെ ഗുണങ്ങൾ എല്ലാം ലഭ്യമാകുന്നതിൽ നമുക്കു വീഴ്ച്ചയൊന്നും സംഭവിച്ചിട്ടില്ല എന്നു പരിശോധിച്ചു ഉറപ്പു വരുത്തുകയാണ് നാം ഈ ഭാഗത്തിൽ. അതു നാം ചെയ്യുന്നതു ക്രിസ്തുവിൽ ഉള്ള അനുഗ്രഹങ്ങളെ നാം പരിഗണിക്കുന്നതിലൂടെയും എങ്ങനെ ഒരാൾ ക്രിസ്തുവിൽ പ്രവേശിച്ചു ഈ അനുഗ്രഹങ്ങൾ സ്വായത്തമാക്കാമെന്നും തീരുമാനിക്കുകയാണ്.

"ക്രിസ്തുവിൽ" ആകുന്ന വ്യക്തിക്കുള്ള ആത്മിക അനുഗ്രഹങ്ങൾ എന്താണ്? [2 കൊരി. 5:17 വായിക്കുക.] ക്രിസ്തുവിലുള്ള വ്യക്തി *എന്താണ്?* [2 കൊരി. 5:17 വായിച്ചശേഷം ചിത്രത്തിൽ അടങ്ങിയിരിക്കുന്ന "ക്രിസ്തുവിൽ," "പുതിയ സൃഷ്ടികൾ" എന്നു പൂരിപ്പിക്കുക.]

ക്രിസ്തുവിൽ ആകുന്നവർക്കു – വേറെ എന്തനുഗ്രഹമാണുള്ളത്? [കൊലൊ. 1:14 കെജെവിയിൽ നിന്നു വായിക്കുക, കെജെവിയിൽ നിന്നല്ലെങ്കിൽ എഫെ. 1:7 വായിക്കുക.] ക്രിസ്തുവിൽ *എന്ത്* അനുഗ്രഹമാണുള്ളത്? [വിട്ടവരിയിൽ "പാപങ്ങളുടെ മോചനം" എന്നെഴുതുക.] ക്രിസ്തുവിൽ പാപമോചനം സാധ്യമാക്കുന്നതെന്താണ്? ക്രിസ്തുവിൽ പാപങ്ങൾ മോചിച്ചു തരുന്നതു ക്രിസ്തുവിന്റെ *രക്തം*മല്ലേ? ക്രിസ്തുവിൽ ആകുന്നവർക്കു യേശുവിന്റെ *രക്തം* മൂലം പാപമോചനം ഉണ്ട്.

ക്രിസ്തുവിൽ ഉള്ള മറ്റൊരു അനുഗ്രഹം എന്താണ്? [2 തിമൊ. 2:10 വായിക്കുക.] ക്രിസ്തുവിൽ *എന്ത*നുഗ്രഹം ആണുള്ളത്? [വിട്ട വരിയിൽ "രക്ഷ" എന്നെഴുതുക.] ക്രിസ്തുവിൽ മറ്റൊരു അനുഗ്രഹം നിമിത്തമാണ് രക്ഷ (2 തിമൊ. 2:1). അതെന്താണ്? ദൈവ*കൃപ*യാൽ, സകല മനുഷ്യരുടെയും രക്ഷക്കായി യേശു രക്തം ചിന്തി. ഈ ക്രിസ്തുവിലുള്ള കൃപയാണ് ക്രിസ്തുവിൽ നമുക്കു രക്ഷ പ്രദാനം ചെയ്യുന്നത്.

ക്രിസ്തുവിൽ പിന്നെ എന്തനുഗ്രഹം ആണുള്ളത്? [1 യോഹന്നാൻ 5:11 വായിക്കുക.] ക്രിസ്തുവിൽ *എന്ത*നുഗ്രഹം ആണുള്ളത്? [വിട്ട വരിയിൽ "നിത്യജീവൻ എന്നെഴുതുക."] നിത്യജീവൻ പ്രാപിക്കുന്നതിനുള്ള യേശുവിങ്കലെ വിശ്വാസത്തിൽ ക്രിസ്തുവിനോടു ചേരുവാൻ യേശു ആവശ്യപ്പെടുന്നതെല്ലാം ചെയ്യണം (യോഹന്നാൻ 3:16).

ക്രിസ്തുവിൽ വേറെ എന്താണ് ഉള്ളത്? [എഫെ. 1:3 വായിക്കുക.] ക്രിസ്തുവിൽ *എത്ര* ആത്മികാനുഗ്രഹങ്ങളാണ് ഉള്ളത്? [വിട്ട വരിയിൽ "സകല ആത്മികാനുഗ്രഹങ്ങളും" എന്നെഴുതുക.] അനേകം ആളുകൾ വിചാരിക്കുന്നതു ക്രിസ്തുവിൽ ആയാൽ ഭൗതിക അനുഗ്രഹങ്ങളായ പണം, കാർ, വസ്തു, സമ്പാദ്യങ്ങൾ, പഴയ നിയമാനുഗ്രഹങ്ങൾ മുതലായവ ലഭിക്കും എന്നാണ്; എങ്ങനെയായാലും, ക്രിസ്തുവിലുള്ളവർക്കു ഇവ ഒന്നുമല്ല വാഗ്ദാനം ചെയ്തിരിക്കുന്നത്. ക്രിസ്ത്യാനികൾ *അല്ലാത്ത*വർക്കു ആ അനുഗ്രഹങ്ങൾ ഉണ്ട്, എന്നാൽ സകല ആത്മികാനുഗ്രഹങ്ങളും ക്രിസ്തുവിൽ ഉള്ളവർക്കു *മാത്രം* അതായത്., ക്രിസ്ത്യാനികൾ ആയവർക്കു ലഭിക്കുന്നതാണ്.

ക്രിസ്തുവിനു പുറത്തുള്ളവരുടെ സ്ഥിതി എന്താണ്? അവർക്കു

സകല ആത്മികാനുഗ്രഹങ്ങളും ഉണ്ടോ? [എഫെ. 2:12, 13 വായിക്കുക.] ക്രിസ്തുവിനു പുറത്തുള്ളവർ *എന്ത്* ഇല്ലാതെയാണിരിക്കുന്നത്? [വിട്ട വരിയിൽ "ക്രിസ്തുവിനു പുറത്തുള്ളവർ" എന്നതിനു താഴെ "ക്രിസ്തുവിനെ കൂടാതെയുള്ളവർ," "പ്രത്യാശ ഇല്ലാത്തവർ," എന്നും "ദൈവം ഇല്ലാത്തവർ" എന്നുമെഴുതുക.]

അവർ ക്രിസ്തുവിലേക്കു പ്രവേശിക്കുന്നതിനുമുൻപു അവർ വിദൂരസ്ഥരായിരുന്നു, എന്നാൽ *ഇപ്പോഴോ* അവർ *ക്രിസ്തുവിൽ*, യേശുവിന്റെ രക്തത്താൽ സമീപസ്ഥരായിരുന്നു. ദൈവത്തിൽ നിന്നു വേർപെട്ടവരെ ദൈവത്തിന്റെ അടുക്കൽ എത്തിക്കുന്നതു *യേശുവിന്റെ രക്തമാണ്.* യേശുവിന്റെ രക്തത്താൽ സമീപസ്ഥരാക്കപ്പെട്ടവരാണ് ക്രിസ്തുവിൽ ഉള്ളവർ. യേശുവിന്റെ രക്തത്താലുള്ള ഗുണം ലഭിക്കുവാൻ ഒരാൾ എവിടെയായിരിക്കണം? അയാൾ ക്രിസ്തുവിൽ ആയിരിക്കണം.

ഒരാൾക്കു ക്രിസ്തുവിനു പുറത്തു ആത്മികാനുഗ്രഹങ്ങൾ പ്രാപിക്കാമോ? ദൈവം പദ്ധതി ആവിഷ്ക്കരിച്ചതും വാഗ്ദാനം ചെയ്തതും ആത്മികാനുഗ്രഹങ്ങൾ ക്രിസ്തുവിലാണ് (ഉല്പ. 22:18; ഗലാ. 3:14–16)?

ഒരാൾ എപ്പോൾ യേശുവിൽ പ്രവേശിക്കുമെന്നു രണ്ടു വേദഭാഗങ്ങൾ മാത്രം പറയുന്നു. ഒരാൾ യേശുവിൽ പ്രവേശിക്കുന്നതെങ്ങനെ? [ഗലാ. 3:27 ഉം റോമ. 6:3, 4 ഉം വായിക്കുക.] *എപ്പോഴാണ്* ഒരാൾ യേശുവിനോടു ചേരുന്നതു? [വിട്ട വരിയിൽ "ചേരുവാൻ സ്നാനമേറ്റു" എന്നെഴുതുക.]

ക്രിസ്തുവിലുള്ള അനുഗ്രഹം ലഭിക്കുവാൻ ഒരാൾ എന്തു ചെയ്യണം? ഈ അനുഗ്രഹങ്ങൾ ക്രിസ്തുവിനു പുറത്തുള്ള ഒരാൾക്കു ലഭിക്കുമെങ്കിൽ, അതു യേശുവിന്റെ രക്തം കൂടാതെയാണ്, യേശുവിന്റെ രക്തം ക്രിസ്തുവിൽ ഉള്ളവർക്കുള്ളതാണ്.

ഭാഗങ്ങൾ I ഉം II ഉം പഠിപ്പിക്കുന്നതു ഒന്നുതന്നെയാണ് എന്നതു ശ്രദ്ധിക്കുക. സ്നാന സമയത്ത് ഒരാൾക്ക് "പാപങ്ങളിൽ നിന്നുള്ള മോചനവും," "പാപങ്ങൾ കഴുകപ്പെട്ടു," "രക്ഷിക്കപ്പെടുകയും ചെയ്യുന്നു." ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ, യേശുവിന്റെ രക്തത്താൽ അവൻ "പുതിയ സൃഷ്ടി" യാകുന്നു കാരണം പഴയതു (പാപങ്ങൾ അത്രെ) കഴിഞ്ഞുപോയി, അതു "പാപങ്ങൾ കഴുകപ്പെട്ടപ്പോഴാണ്" അതു യേശുവിന്റെ രക്തത്താൽ "പാപങ്ങൾ മോചിച്ചു" "രക്ഷ," ലഭിക്കുകയും ചെയ്തു, അല്ലെങ്കിൽ മറ്റൊരു വാക്കിൽ, "രക്ഷിക്കപ്പെട്ടു" എന്നു പറയാം.

പാപമോചനത്തിന്റെ *എന്തു?* എന്നും *എപ്പോൾ?* എന്നും ശ്രദ്ധിക്കുക. പാപങ്ങൾ മോചിച്ചു തരു*ന്നതു* യേശുവിന്റെ രക്തമാണ്, അത് നാം സ്നാനം ഏല്ക്കു*മ്പോൾ* യേശുവിന്റെ രക്തം പാപങ്ങൾ മോചിച്ചു തരുന്നു. പാപങ്ങൾ മോചിച്ചു തരുവാനുള്ള ശക്തി വെള്ളത്തിന് *ഇല്ല* എന്നതിനാൽ, സ്നാനം അല്ല *അതു* ചെയ്യുന്നത്. മറിച്ച് സ്നാനപ്പെ*ടുമ്പോൾ* ആണ് പാപങ്ങൾ ക്ഷമിക്കപ്പെടുന്നത്. *എന്ത്* എന്നും *എപ്പോൾ* എന്നും ഉള്ളതിന്റെ നല്ല ഒരു ഉദാഹരണം കുരുടനെ സൗഖ്യമാക്കിയതാണ് (യോഹന്നാൻ 9:1–7). അവനെ കാണുമാറാക്കിയതു യേശുവിന്റെ ശക്തി*യാണ്,* എന്നാൽ അവൻ ശിലോഹോം കുളത്തിൽ പോയി കഴുകി*യ*

*പ്പോൾ* അവനു കാണുവാൻ തുടങ്ങി. അവനെ കാണുമാറാക്കിയതു, വെള്ളം *അല്ല*, യേശുവിന്റെ ശക്തിയാണ്. അതുപോലെ നമ്മുടെ സ്നാനമല്ല നമ്മുടെ പാപങ്ങൾ മോചിച്ചു തരു*ന്നത്* (അതു ചെയ്യുന്നതു യേശുവിന്റെ രക്തമാണ്) എന്നാൽ യേശുവിന്റെ രക്തം ക്ഷമിക്കു*മ്പോൾ* ആണ്.

**ഏക സ്നാനം**

[സ്നാനത്തെക്കുറിച്ചു ബൈബിൾ പഠിപ്പിക്കുന്നതു വിദ്യാർത്ഥി മനസ്സിലാക്കി എന്നു ഉറപ്പുവരുത്തുവാനായി, പഠനഷീറ്റിന്റെ *പുറകിലായി* എഴുതുക (നോക്കുക പേജ് 162) "സ്നാനം ഒന്ന് (എഫെ. 4:5)." പിന്നെ "1. ആർ?"; "2. എന്തിനു?"; "3. എന്ത്?"; "4. എങ്ങനെ?" എന്നീ വാക്കുകൾ എഴുതുക.]

സ്നാനം *ഏതായാലും* മതി എന്നു ബൈബിൾ പഠിപ്പിക്കു*ന്നില്ല*. ബൈബിൾ പഠിപ്പിക്കുന്നതു സ്നാനം *ഒന്ന്* എന്നാണ്. ഒരാളുടെ പോക്കറ്റിൽ ധാരാളം താക്കോലുകൾ കണ്ടേക്കാം, എന്നാൽ വാതിലിന്റെ ശരിയായ താക്കോൽ ഇല്ലെങ്കിൽ അയാൾക്കു വാതിൽ തുറക്കുവാൻ സാധ്യമല്ല. അതുപോലെ ഒരാൾ പല പ്രാവശ്യം സ്നാനപ്പെട്ടിരിക്കാം, പക്ഷെ യേശു ആഗ്രഹിക്കുന്നതു ഒരേ ഒരു സ്നാനം മാത്രമാണ്.

പഠനഷീറ്റിന്റെ മുൻഭാഗത്തു *ആരാണ്* സ്നാനമേല്ക്കേണ്ടതെന്നു നാം പഠിച്ചു. *ആരാണ്* സ്നാനം ഏല്ക്കേണ്ടത്? കേട്ടവരും, പഠിച്ചവരും, യേശുവിൽ വിശ്വസിച്ചവരും, മാനസാന്തരപ്പെട്ടു, യേശുവിനെ ഏറ്റു പറഞ്ഞവരുമാണ്. [*പുറകിൽ* "കേൾക്കുക, വിശ്വസിക്കുക, മാനസാന്തരപ്പെടുക, ഏറ്റു പറയുക" എന്നെഴുതുക. ഇത് "ആർ?" എന്നതിനുശേഷം എഴുതുകയും ഇതു മറുവശത്തു പഠിപ്പിച്ചതാണെന്നു വിശദമാക്കുകയും ചെയ്യുക. നോക്കുക പേജ് 162.]

*എന്തുകൊണ്ടാണ്* ഒരാൾ സ്നാനമേല്ക്കേണ്ടത്? പെന്തെക്കൊസ്തു നാളിൽ, യേശുവിന്റെ നാമത്തിൽ പാപമോചനം ആദ്യമായി പ്രസംഗിച്ചപ്പോൾ, പത്രൊസ് യേശുവിന്റെ നാമത്തിൽ ഉള്ള സ്നാനത്തെ പ്രസംഗിച്ചു, അതു "പാപങ്ങളുടെ മോചനത്തിനാണെന്നും" പറഞ്ഞു. [*പുറകിൽ* "എന്തുകൊണ്ട്?" എന്നതിനുശേഷം "പാപങ്ങളുടെ മോചനത്തിനു" (പ്രവൃത്തികൾ 2:38) എന്നെഴുതുക. നോക്കുക പേജ് 162.] തെറ്റായ ഉദ്ദേശത്തിനു സ്നാനമേല്ക്കുന്നതു യേശുവിനോടുള്ള അനുസരണം അല്ല (എബ്രാ. 5:9). പലചരക്കു സാധനങ്ങൾ വാങ്ങുവാൻ കുട്ടിയെ അവന്റെ അപ്പൻ ടൗണിലേക്കു അയച്ചു. കുട്ടി ടൗണിലേക്കു പോയി, പക്ഷെ പലചരക്കു വാങ്ങിക്കുവാനല്ല, കുട്ടി ടൗണിലേക്കുപോയെങ്കിലും പലചരക്കു വാങ്ങിക്കാതിരുന്നതു കൊണ്ടു അപ്പനെ അനുസരിച്ചില്ല. ഒരാൾ സ്നാനമേറ്റുവെങ്കിലും, തെറ്റായ ഉദ്ദേശത്തിനാണെങ്കിൽ, അയാൾ യേശുവിനെ അനുസരിച്ചിട്ടില്ല.

സ്നാനത്തിൽ *എന്താണ്* ഉപയോഗിക്കുന്നത്? യേശു വെള്ളത്തിൽ ആയിരുന്നു സ്നാനം ഏറ്റത് (മത്താ. 3:16). ഐത്യോപ്യൻ വെള്ളത്തിലായിരുന്നു സ്നാനം ഏറ്റത് (പ്രവൃത്തികൾ 8:36-39). ആളുകളോടു സ്നാനപ്പെടുവാൻ പറഞ്ഞതും വെള്ളത്തിലായിരുന്നു (പ്രവൃത്തികൾ 10:47). [*പുറകിൽ* "എന്ത്?" എന്നതിനുശേഷം "വെള്ളം" (മത്താ. 3:16;

പ്രവൃത്തികൾ 8:38, 39) എന്ന് എഴുതുക. നോക്കുക പേജ് 162.]

സ്നാനം *എങ്ങനെ*യാണ് നടത്തിയിരുന്നത്? ബൈബിൾ പഠിപ്പിക്കുന്നതു നാം സ്നാനത്തിൽ "അടക്കപ്പെടുകയും" "ഉയിർക്കപ്പെടുകയും ചെയ്യുന്നു എന്നാണ്." [*പുറകിൽ* "അടക്കപ്പെടുകയും, ഉയിർക്കപ്പെടുകയും (റോമ. 6:4; കൊലൊ. 2:12)." എന്നെഴുതുക. ക്രിസ്തുവിന്റെ അടക്കം, ഉയിർത്തെഴുന്നേൽപ്പ്, നമ്മുടെ സ്നാനം എന്നിവ താരതമ്യം ചെയ്യാൻ ഒരു പടം വരയ്ക്കുക. നോക്കുക പേജ് 162.]

സ്നാനം ഒരു ചടങ്ങിനേക്കാൾ വലുതാണ്. സ്നാനത്തിൽ "പഴയ ജീവിതം" *മരിപ്പിച്ചു*കൊണ്ട്, "ജീവന്റെ പുതുക്കത്തിൽ" നടക്കേണ്ടതിനു എഴുന്നേല്ക്കണം (റോമ. 6:4). സ്നാനത്തിൽ അത്തരം മരണം സംഭവിക്കുമ്പോൾ, ഒരാളുടെ "പാപങ്ങൾ കഴുകപ്പെടുന്നു" അയാളുടെ പാപങ്ങൾ "മോചിക്കപ്പെടുന്നു." അയാൾ പിന്നെ പഴയ ജീവിതം അല്ല, പുതിയ ജീവിതം ആണ് നയിക്കുന്നത്, അവൻ പിന്നെ "നഷ്ടപ്പെട്ടവനല്ല" എന്നാൽ "രക്ഷിക്കപ്പെട്ടവനാണ്" [*പുറകിൽ* ഇവ എഴുതുക. നോക്കുക പേജ് 162.]

ഈ ഭാഗത്തു നാം എന്താണ് പഠിച്ചത്? സ്നാനത്തിൽ യേശുവിനോടുകൂടെ അടക്കപ്പെടുകയും, ഉയിർക്കപ്പെടുകയും ചെയ്തവർ യേശുവിനോടു ചേരുന്നു, അങ്ങനെ യേശുവിന്റെ രക്തത്താൽ നല്കുന്ന ആത്മികാനുഗ്രഹങ്ങൾ അവർക്കു ലഭിക്കുകയും ചെയ്യും. യേശുവിനു പുറത്തുള്ളവർ യേശുവിനെ കൂടാതെയുള്ളവരും അക്കാരണത്താൽ ഈ അനുഗ്രഹങ്ങൾ ഇല്ലാത്തവരുമാണ്.

**III. ഏക ശരീരത്തിൽ**

സ്നാനമേറ്റവർ വിശ്വാസികളുടെ സമൂഹമായ, സഭയോടു ചേർക്കപ്പെടുന്നു എന്നു ഭാഗം I ൽ നാം പഠിച്ചു. ഈ ഭാഗത്തു നാം ആ ആശയം വേറൊരു കാഴ്ച്ചപ്പാടിൽ വീണ്ടും നോക്കുകയാണ്.

1. ക്രിസ്തുവിൽ എത്ര ശരീരമുണ്ടെന്നു ബൈബിൾ പഠിപ്പിക്കുന്നുണ്ട്. ക്രിസ്തുവിൽ എത്രയുണ്ട്? [റോമ. 12:5 വായിക്കുക] ക്രിസ്തുവിൽ *എത്ര* ശരീരങ്ങൾ ഉണ്ട്? [വിട്ട വരിയിൽ "ഒന്ന്" എന്നെഴുതുക.]

2. "വിദ്യാർത്ഥി സംഘം" അല്ലെങ്കിൽ "ആളുകളുടെ സംഘം" എന്നു പറയുന്നതുപോലെ, ഒരു കൂട്ടം ആളുകളെ സൂചിപ്പിച്ചുകൊണ്ടാണ് "ശരീരം" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. ക്രിസ്തുവിൽ, ഒരു കൂട്ടം ആളുകൾ ആയ ഏക ശരീരം *എന്താണ്*? [വായിക്കുക കൊലൊ. 1:18, 24.] ഏകശരീരം എന്നാൽ *എന്താണ്?* [വിട്ട വരിയിൽ "സഭ" എന്നെഴുതുക.]

3. ഏകശരീരത്തിലെ അംഗമാകുവാൻ ക്രിസ്തുവിൽ ഒരാൾ എങ്ങനെ പ്രവേശിക്കും? ഭാഗം II ൽ എങ്ങനെ ക്രിസ്തുവിൽ പ്രവേശിക്കും എന്നു നാം പഠിച്ചു. ഈ വാക്യം, 1 കൊരി. 12:13, ഇതേ സത്യം പഠിപ്പിക്കുന്നുണ്ട്. [1 കൊരി. 12:13 വായിക്കുക.] ആ ഏക ശരീരത്തിൽ നാം *എങ്ങനെ* പ്രവേശിക്കും? [വിട്ട വരിയിൽ "സ്നാനം ഏറ്റുകൊണ്ട്" എന്നെഴുതുക.]

4. ക്രിസ്തുവിൽ ആകുന്നവർ എന്തിലെ അംഗമാണ്? [1 കൊരി. 12:27

വായിക്കുക.] പിന്നെ നാം *എന്താ*കും? [വിട്ടവരിയിൽ "ക്രിസ്തുവിന്റെ ശരീരം" എന്നെഴുതുക.] *ശരീര*വും *സഭ*യും ഒന്നാകുന്നു. അതു കൊണ്ടു, ഒരാൾ ക്രിസ്തുവിന്റെ ശരീരത്തിൽ അംഗമാകുമ്പോൾ, അയാൾ, അതുകൊണ്ടു, *ആരുടെ* സഭയിലെ അംഗമാകും? [വിട്ടവരി യിൽ ക്രിസ്തുവിന്റെ "സഭയിലെ" എന്നെഴുതുക.]

ഈ പാഠത്തിൽ നാം എന്താണ് പഠിച്ചത്? ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ, അയാൾ ക്രിസ്തുവിന്റെ ശരീര ത്തിൽ, അതായതു., ക്രിസ്തുവിന്റെ സഭയിലെ അംഗമാകുന്നു എന്നാണ് നാം പഠിച്ചത്.

**ചുരുക്കം**

ഈ പാഠത്തിൽ ഒരാൾ എങ്ങനെ പാപത്തിൽ നിന്നു രക്ഷിക്കപ്പെ ടുന്നു എന്നാണ് നാം പഠിച്ചത്.

I. *നിങ്ങൾ ഇതെല്ലാം ചെയ്തിട്ടുണ്ടോ?* നിങ്ങൾ കേൾക്കുകയും, പഠിക്കുകയും, യേശുവിൽ വിശ്വസിക്കുകയും, മാനസാന്തരപ്പെടുകയും, യേശുവിലുള്ള വിശ്വാസം ഏറ്റു പറയുകയും, സ്നാനമേല്ക്കുകയും ചെയ്തിട്ടുണ്ടോ? നിങ്ങൾ അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ, നിങ്ങളുടെ പാപങ്ങൾ മോചിക്കപ്പെടുകയും, രക്ഷിക്കപ്പെടുകയും, യേശുവിന്റെ വിശ്വാ സികളുടെ സമൂഹത്തിൽ നിങ്ങൾ അംഗമാകയും ചെയ്തിരിക്കുന്നു.

II. *നിങ്ങൾ ക്രിസ്തുവിൽ ആണോ?* ആണെങ്കിൽ നിങ്ങൾ പുതിയ സൃഷ്ടിയാണ്, പാപങ്ങൾ മോചിക്കപ്പെട്ട്, നിങ്ങൾക്കു രക്ഷയുണ്ട്, നിത്യ ജീവൻ ഉണ്ട്, സകല ആത്മികാനുഗ്രഹങ്ങളും ഉണ്ട്. നിങ്ങൾ ക്രിസ്തു വിൽ *അല്ലെങ്കിൽ*, നിങ്ങൾ ക്രിസ്തുവിനെ കൂടാതെയുള്ളവരും, പ്രത്യാ ശയില്ലാത്തവരും, ദൈവം ഇല്ലാത്തവരും ആണ്.

എങ്ങനെയാണ് ഒരാൾ യേശുവിൽ പ്രവേശിക്കുന്നത്? എത്ര സ്നാന മാണ് ഒരാളെ ക്രിസ്തുവിൽ ആക്കുന്നത്? നിങ്ങൾക്കു ഏക സ്നാനം ലഭിച്ചിട്ടുണ്ടോ? നിങ്ങൾ ദൈവത്താൽ ഉപദേശിക്കപ്പെട്ടു, യേശുവിൽ വിശ്വസിച്ചു, പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു, യേശുവിലുള്ള വിശ്വാസം ഏറ്റു പറഞ്ഞു, പിന്നെ സ്നാനപ്പെടുകയും (വെള്ളത്തിൽ അടക്കപ്പെടുകയും വെള്ളത്തിൽ നിന്നു എഴുന്നേല്ക്കുകയും) ചെയ്തോ? പാപങ്ങളുടെ മോചനത്തിനായിരുന്നോ നിങ്ങൾ സ്നാനം ഏറ്റത്?

രക്ഷിക്കപ്പെടുവാൻ നിങ്ങൾ ചെയ്തതു എന്താണെന്നു പറയാമോ? നിങ്ങൾ ഒരു നവീകരണത്തിൽ നിന്നു മുന്നോട്ടുവന്നതാണോ? ആ സമ യത്താണോ അവർ നിങ്ങളെ സ്നാനപ്പെടുത്തിയത്, അല്ലെങ്കിൽ പിന്നീട് ഒരവസരത്തിനായി കാത്തിരുന്നോ? അവർ കാത്തിരുന്നു എങ്കിൽ, സ്നാനം പ്രാധാന്യമുള്ളതായി അവർ കരുതുന്നില്ല. ബൈബിളിൽ സ്നാന മേറ്റതായി പറഞ്ഞിരിക്കുന്നവരെല്ലാം സത്യം സ്വീകരിച്ച ഉടനെ സ്നാനം ഏറ്റു: അതേ ദിവസം തന്നെ (പ്രവൃത്തികൾ 2:41), അതേ നാഴികയിൽ തന്നെ (പ്രവൃത്തികൾ 16:33), ഉടനെ (പ്രവൃത്തികൾ 9:18).

ഒരു ചേർച്ചപ്പൂട്ടു പോലെയാണ് രക്ഷ. ഒരു ചലനം കൊണ്ടു പൂട്ടു തുറക്കുകയില്ല. ആവശ്യമായ ഓരോ തിരിക്കലും വേണം. എങ്ങനെയാ യാലും, ഒരു പോയിന്റിൽ എത്തുമ്പോൾ ആവശ്യമായ എല്ലാ തിരിക്ക

ലിനും ശേഷം പൂട്ടു തുറക്കും. രക്ഷയുടെ കാര്യത്തിലും അതു വാസ്തവമാണ്. രക്ഷക്കു വേണ്ടതായ എല്ലാം ചെയ്തുകഴിയുമ്പോൾ *മാത്ര*മാണ് നാം രക്ഷിക്കപ്പെടുന്നത്, അതു പൂർത്തിയാക്കുന്നതിന്റെ കാരണം സ്നാനത്തിൽ വിശ്വാസത്തോടെ എല്ലാം ചേർന്നിരിക്കുന്നതുകൊണ്ടാണ്.

നിങ്ങൾ ക്രിസ്തുവിൽ ആകുവാൻ ആഗ്രഹിക്കുന്നുണ്ടോ? നിങ്ങൾ ആഗ്രഹിക്കുന്നു, അല്ലേ? യേശുവിനുവേണ്ടി നിങ്ങൾ ഒരു പുതിയ ജീവിതം നയിക്കുവാൻ ആഗ്രഹിക്കുന്നുണ്ടോ? അങ്ങനെയെങ്കിൽ, പിന്നെ എന്തുകൊണ്ടു നിങ്ങളുടെ പഴയ ജീവിതത്തെ മരിപ്പിച്ചു, സ്നാനത്തിൽ അടക്കപ്പെടുകയും, എഴുന്നേറ്റു ജീവന്റെ പുതുക്കത്തിൽ നടന്നുകൂടാ?

III. *നിങ്ങൾ ഏകശരീരത്തിലാണോ?* എത്ര ശരീരങ്ങളിലെ അംഗങ്ങളാകുവാനാണ് യേശു നമ്മെക്കുറിച്ചു ആഗ്രഹിക്കുന്നത്?

നിങ്ങൾ ക്രിസ്തുവിന്റെ ശരീരത്തിൽ, അതായതു., ക്രിസ്തുവിന്റെ സഭയിൽ അംഗമാകുവാൻ ആഗ്രഹിക്കുന്നുണ്ടോ? എന്തുകൊണ്ടു ഇപ്പോൾ തന്നെ നിങ്ങൾക്കു യേശുവിന്റെ അനുഗാമിയായി അവന്റെ സഭയിലേക്കു പ്രവേശിച്ചുകൂടാ? എന്തുകൊണ്ട് ഇപ്പോൾ തന്നെ സ്നാനപ്പെട്ടുകൂടാ?

© 2009 Truth for Today